**C 43140** **(Pages : 2)** **Name.......................................**

**Reg. No..................................**

## SECOND SEMESTER U.G./INTEGRATED P.G./B.VOC. DEGREE EXAMINATION, APRIL 2023

(CBCSS–UG)

Common Course (Language Reduced Pattern)

Malayalam

MAL 2A 08 (3)—MALAYALA BHASHAYUM SAHITHYAVUM 2

(2019–2022 Admissions)

Time : Two Hours and a Half Maximum : 80 Marks

### സെക്ഷൻ എ

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടുമാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25)

1 “ആ കാലത്ത് ഞാൻ പകൽ നാലുമണിക്കേ ഉണരൂ”–ആര് ? കാരണമെന്ത് ?

2 “പ്യൂപ്പ കീറി പൂമ്പാറ്റ ഉണരുന്നതു പോലെ അവൻ എഴുന്നേറ്റു”–ആര് ? സന്ദർഭമെന്ത് ?

3 “പത്മിനിയെ കുറിച്ചുള്ള വല്യച്ഛന്റെ പരാതികൾ എന്തെല്ലാം ?

4 “എൻമകജെ സത്യത്തിന്റെ നാടായത് ഈ മുനികുമാരന്മാർ തപസ്സ് ചെയ്യുന്നതു കൊണ്ടാണത്രേ !’ –ആശയം വിശദമാക്കുക.

5 “എടാ കണ്ണില്ലാത്ത ദൈവമേ . . . നീയെന്റെ മൺകുടിൽ തകർത്തു കളഞ്ഞല്ലോ”–സന്ദർഭമെന്ത് ?

6 “കാലൻ ശരീരത്തിൽ നിന്ന് ജീവനെ എന്ന പോലെ, വണ്ടി നാട്ടിൽ നിന്ന് എന്നെ വലിച്ചു കൊണ്ടു പോവുകയായിരുന്നു’–സന്ദർഭമെന്ത് ?

7 നഴ്സിംഗ് ഹോമിൽ വച്ച് ലേഖകൻ (എം.എൻ. പാലൂര്) ഇടിത്തീവിണതുപോലെ സ്തംഭിച്ചു പോകാൻ കാരണമെന്ത്?

8 “മുഖം നോക്കാതെ സത്യം വിളിച്ചു പറയുന്ന ഈ നാറാണത്തു ഭ്രാന്തനെ ഒരു കൊച്ചനിയനെപ്പോലെ എനിക്കിഷ്ടമാണ് ” ആരെ ? ആർക്ക് ? എന്തു കൊണ്ട് ?

9 അവിടെയുള്ളവർ പണ്ടുകാലം മുതൽക്കേ ദയയ്ക്ക് അത്ര പേരുകേട്ടവരല്ല–എവിടെ ? ആര് ? സന്ദർഭമെന്ത് ?

10 “ആ വീടല്ലേ അവൾക്ക് കിട്ടാവുന്നതിൽ വച്ചേറ്റവും നല്ല ചികിത്സ–സന്ദർഭം വിശദമാക്കുക.

11 ലീലാകുമാരിയമ്മ–എൻമകജെയിൽ കഥാപാത്രമായി ജീവിച്ച യാഥാർത്ഥ്യം–വിശദീകരിക്കുക.

12 “ജീവിതത്തിൽ ആദ്യമായി ചരിത്രം എന്നെ ശാരീരികമായി ബാധിച്ചു”. സന്ദർഭവും ആശയവും വിശദമാക്കുക.

**Turn over**

13 ഭഗ്നഭവനത്തിലെ മാധവൻ നായരുടെ ഇച്ഛാശക്തിയെ വെല്ലു വിളിക്കുന്ന ദുരന്തങ്ങൾ എന്തെല്ലാം ?

14 ഭാഗ്യത്തിമാർക്കണ്ടത്തെക്കുറിച്ച് പഞ്ചി പറഞ്ഞ കഥയെന്ത് ?

15 ഭഗ്നഭവനത്തിലെ രാധയുടെ മാനസികനില തകരാറിലാകാൻ ഇടയാക്കിയ സാഹചര്യമെന്ത് ?

(25 marks)

## സെക്ഷൻ ബി

II. ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 35)

16 ഒരു മനുഷ്യൻ എന്ന കഥയിലെ നായകന് ഹോട്ടലിൽ വച്ചുണ്ടായ ദുരനുഭവം എന്തായിരുന്നു ?

17 "എങ്കിൽ ദയവ് എന്നായിരിക്കും പേര് "–ആര് ആരോട് പറയുന്നത് ? സാഹചര്യമെന്ത് ?

18 "നിനക്ക് ഭൂമിയുടെ ഉപ്പാകാൻ സർവശക്തൻ തരുന്ന ഒരു അവസരമാണിത് "–സന്ദർഭവും ആശയവും വിശദീകരിക്കുക.

19 വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയിലെ സിസ്റ്റർ അഗതയെ പരിചയപ്പെടുത്തുക.

20 വലുതായി – ഒരാണായി, കാരണവരിൽ നിന്ന് അവകാശങ്ങൾ നേടിയെടുക്കുന്നതിന് ലേഖകൻ സ്വീകരിച്ച മാർഗമെന്തായിരുന്നു ? പ്രേരണയെന്തായിരുന്നു ?

21 'സന്താനഗോപാലം' എന്ന ഓർമ്മക്കുറിപ്പിൽ പരാമർശിക്കുന്ന നാരായണപ്പിഷാരടിയുമായുള്ള ബന്ധത്തിന്റെ ആഴം പങ്കു വയ്ക്കുക.

22 നീലകണ്ഠൻ ഗുഹയോട് പറഞ്ഞ തന്റെ പൂർവകഥ ചുരുക്കി വിവരിക്കുക.

23 "ദാമ്പത്യബന്ധത്തിലെ പൊരുത്തക്കേടുകളും പ്രണയനൈരാശ്യങ്ങളും തകർത്തു കളഞ്ഞ കുടുംബ ചിത്രമാണ് 'ഭഗ്നഭവനം' "–സമർത്ഥിക്കുക.

(35 marks)

## സെക്ഷൻ സി

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽക്കവിയാതെ ഉപന്യസിക്കുക. (10 മാർക്ക് വീതം)

24 'എൻമകജെ' കേരളത്തിന്റെ വിങ്ങുന്ന മുറിവാണ്. പച്ചയായ മുറിവ് തുറന്നു കാട്ടുന്നതിൽ നോവലിസ്റ്റ് പ്രകടിപ്പിക്കുന്ന രചനാവൈഭവം വിലയിരുത്തുക. വിശകലനം ചെയ്യുക.

25 "വിധിയെന്നോ ഭാഗധേയമെന്നോ വിളിക്കാവുന്ന ഏതോ അദൃശ്യശക്തിയോട് ഏറ്റു മുട്ടുകയാണ് 'ഭഗ്നഭവനത്തി'ലെ കഥാപാത്രങ്ങൾ"–സമർത്ഥിക്കുക.

26 "ഒറ്റപ്പെടലിന്റെ സംഘർഷങ്ങളെ അതിജീവനത്തിന്റെ സമവാക്യങ്ങളാക്കുന്ന സ്ത്രീസത്തയുടെ ആവിഷ്കാരമാണ് 'പയറുവള്ളികളിൽത്തൂങ്ങുന്ന നമ്മളൊക്കെ' എന്ന കഥ"–സമർത്ഥിക്കുക.

27 ജീവിതത്തിലേക്ക് തിരിച്ചു വരണമെന്ന തോന്നലുണ്ടാകുകയും ഞണ്ടുകളുടെ നാട്ടിൽ നിന്ന് കൈ പിടിച്ച് തിരിച്ച് നടത്തുകയും ചെയ്ത അമൂല്യസൗഹൃദങ്ങളെ ചന്ദ്രമതി പങ്കുവയ്ക്കുന്നതെങ്ങനെ ?

($2 \times 10 = 20$ marks)



13665